"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ഡിവിഷനിലെ താമരശ്ശേരി റെയിഞ്ചിലെ മുത്തപ്പൻപുഴയിൽ നിക്ഷിപ്ത വനഭൂമികൾക്കിടയിലൂടെ അനാവശ്യമായി ജണ്ടകൾ നിർമ്മിച്ചതുമായി ബന്ധപ്പെട്ട് സർവീസിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരായ ശ്രീ.പി.പവിത്രൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ.കെ.ജെ.ജോർജ്ജ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.362/2021/വനം തീയതി,തിരുവനന്തപുരം, 16/11/2021

---

പരാമർശം:-

1. 05.01.2018-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി1-23050/17 നമ്പർ കത്ത്.
2. 30/10/2020-ലെ 10/എ2/2018/വനം നമ്പർ പ്രകാരം ശ്രീ.പി.പവിത്രൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട) , ശ്രീ.കെ.ജെ.ജോർജ്ജ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട) എന്നിവർക്ക് നൽകിയ കാരണം കാണിക്കൽ നോട്ടീസ്.
3. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.പി.പവിത്രൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട) സമർപ്പിച്ച 12.12.2020 ലെ പ്രതിവാദപത്രിക.
4. 10.03.2021-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി1-23050/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ഡിവിഷനിലെ താമരശ്ശേരി റെയിഞ്ചിലെ മുത്തപ്പൻപുഴയിൽ നിക്ഷിപ്ത വനഭൂമികൾക്കിടയിലൂടെ അനാവശ്യമായി 15 ജണ്ടകൾ നിർമ്മിച്ചതുവഴി വനഭൂമിയിൽ നിന്ന് 130 മരങ്ങൾ മുറിച്ച് നീക്കം ചെയ്യുകയും തന്മൂലം പാരിസ്ഥിതിക പ്രശ്നങ്ങൾക്കിടയാവുകയും ചെയ്തുവെന്നും, കൂടാതെ ജണ്ടകൾ നിമ്മിച്ചപ്പോൾ അനുവദിച്ച എസ്റ്റിമേറ്റിൽ നിർദ്ദേശിച്ച സിമന്റ്, മണൽ, ഗ്രാനൈറ്റ് എന്നിവ ഉപയോഗിക്കാതെ പ്രവൃത്തി പൂർത്തീകരിച്ചുവെന്നും, ജണ്ടകളുടെ നിർമ്മാണത്തിന് കാട്ടു കല്ലുകൾ ഉപയോഗിച്ചുവെന്നും, ശരിയായ രീതിയിൽ ജണ്ടകളുടെ ഗുണനിലവാരം പരിശോധിക്കാതെ അളവുകൾ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്തതുവഴി 32,145/- രൂപ സർക്കാരിന് നഷ്ടം സംഭവിച്ചതായും അന്വേഷണത്തിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ മേൽ ക്രമക്കേടുകൾക്ക് ശ്രീ.പി.പവിത്രൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട) , ശ്രീ.കെ.ജെ.ജോർജ്ജ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട) എന്നിവർ ഉത്തരവാദികളാണെന്നും അതിനാൽ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും പരാമർശം (1) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശുപാർശ

ചെയ്തിരുന്നു.

കുറ്റാരോപിതരായ ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ, ശ്രീ.പി.പവിത്രൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട), ശ്രീ.കെ.ജെ.ജോർജ്ജ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട) എന്നിവരുടെ വിഹിതമായി നിശ്ചയിച്ച ബാധ്യത തുക ടിയാന്മാരുടെ ക്ഷാമാശ്വാസത്തിൽ നിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കുന്നതിനും, ടിയാന്മാർക്കെതിരെ കെ എസ് ആർ ഭാഗം 3 ചട്ടം 59 (d) പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുന്നതിനും തീരുമാനിക്കുകയും, അച്ചടക്ക നടപടിയുടെ ഭാഗമായി പ്രതിമാസ പെൻഷനിൽ നിന്നും 300 രൂപ സ്ഥിരമായി കുറവ് ചെയ്യാൻ താത്കാലികമായി തീരുമാനിച്ച് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നല്കുകയും ചെയ്തിരുന്നു. കാരണം കാണിക്കൽ നോട്ടീസ് ഇവർ കൈപ്പറ്റിയെങ്കിലും ശ്രീ.പി.പവിത്രൻ മാത്രമേ ആയതിനു പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുള്ളൂ. ശ്രീ.കെ.ജെ.ജോർ ജ്ജ് 04/12/2020-ൽ കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റിയെങ്കിലും പ്രതിവാദ പത്രിക സമർപ്പിച്ചിട്ടില്ല. ആരോപണ വിധേയരായ ഉദ്യോഗസ്ഥരെ നേരിൽ കേൾക്കാൻ അവസരം നൽകിയെങ്കിലും ശ്രീ.പി.പവിത്രൻ മാത്രമേ ഹാജരായുള്ളൂ.

2 ) ശ്രീ.പി.പവിത്രനെ 10/08/2021-ൽ നേരിൽ കേൾക്കുകയുണ്ടായി. 25-ൽ അധികം വർഷങ്ങൾക്ക് മുൻപ് വ്യത്യസ്ത സ്കെച്ചുകളിലായി സർവ്വേ നടത്തി പിന്നീട് ഇവ ഒന്നായി നോട്ടിഫിക്കേഷൻ ചെയ്ത വനഭൂമിയായതിനാലും, വിവിധ സ്കെച്ചുകളെ കൂട്ടി യോജിപ്പിച്ച് കംബയിന്റ് സർവ്വെ സ്കെച്ച് ഇല്ലാത്തതിനാലും, സർവ്വേ കല്ലുകളും പാറമാർക്കുകളും വ്യക്തമല്ലാതിരുന്നതിനാലും ഇവ പരിശോധിക്കുന്നതിനും, സർവ്വേ പോയിന്റുകൾ യഥാസ്ഥാനത്ത് രേഖപ്പെടുത്തുന്നതിനും ഡിവിഷൻ സർവ്വേയറേയും സെക്ഷൻ ഫോറസ്റ്റ് ഓഫീസറേയും ചുമതലപ്പെടുത്തിയിരുന്നുവെന്നും, ഇവർ സമർപ്പിച്ച രേഖകളുടെ അടിസ്ഥാനത്തിൽ ജണ്ടകൾ കെട്ടുകയുമാണ് ചെയ്തതെന്നും, ഇവർ സമർപ്പിച്ച രേഖകളിലൊന്നും മറ്റ് ബിറ്റുകൾ ഉള്ളതായോ രണ്ട് ബിറ്റുകൾക്ക് പൊതുവായി സർവ്വേ പോയിന്റുകൾ ഉണ്ടെന്നോ രേഖപ്പെടുത്തിയരുന്നില്ലെന്നും, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ പ്രദേശത്തെ സ്ഥിരതാമസക്കാരനാണെന്നും, വർഷങ്ങളോളം പ്രസ്തുത വനമേഖലയിൽ സേവനമനുഷ്ഠിച്ചയാളാണെന്നും, ആയതിനാൽ വനഭൂമിയും വനേതരഭൂമിയും ഏതാണെന്ന് വ്യക്തമായി ബോദ്ധ്യമുള്ള ആളാണെന്നും, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ യഥാർത്ഥ വസ്തുതകൾ മറച്ചു വച്ച് തെറ്റായ റിപ്പോർട്ട് സമർപ്പിച്ചത് കാരണമാണ് വനമദ്ധ്യത്തിലൂടെ ജണ്ട കെട്ടാൻ ഇടയായതെന്നും, ജണ്ടകൾ സ്ഥാപിച്ചതിന്റെ ഇരു ഭാഗത്തുനിന്നും മരങ്ങൾ മുറിച്ചിട്ടുണ്ടെന്നും, ജണ്ട കെട്ടിയതാണ് മരങ്ങൾ മുറിക്കാൻ കാരണമെങ്കിൽ ജണ്ടയുടെ ഒരു ഭാഗത്തുള്ള മരങ്ങൾ മാത്രമേ മുറിക്കുകയുള്ളൂവെന്നും, ഇവിടെ രണ്ടു ഭാഗത്തുമുള്ള മരങ്ങൾ മുറിച്ചിട്ടുണ്ടെന്നും ആയതിനാൽ ജണ്ട കെട്ടിയതുകൊണ്ടാണ് മരങ്ങൾ മുറിക്കാൻ കാരണം എന്ന ആരോപണം ശരിയല്ലെന്നും, മരം മുറി നടന്ന ഭാഗത്തെ ജണ്ടകൾക്ക് മാത്രമാണ് കേടുപാടുകൾ സംഭവിച്ചതെന്നും മറ്റ് ഭാഗങ്ങളിലെ ജണ്ടകൾ ഇപ്പോഴും കേടുപാടുകൾ കൂടാതെ കിടക്കുന്നുണ്ടെന്നും, അതിനാൽ ജണ്ടകൾക്ക് ഗുണനിലവാരം ഇല്ല എന്ന ആരോപണം അടിസ്ഥാനരഹിതമാണെന്നും, മനപൂർവ്വം തെറ്റ് ചെയ്തിട്ടില്ലെന്നും അതിനാൽ സർക്കാർ നഷ്ടം ഈടാക്കുന്നിൽ നിന്നും, അച്ചടക്ക നടപടിയിൽ നിന്നു ഒഴിവാക്കണമെന്നുമാണ് നേരിൽ കേട്ടപ്പോൾ ശ്രീ.പവിത്രൻ വാദിച്ചു.

3) ഓരോ വനം ഉദ്യോഗസ്ഥനും ടിയാന്റെ അധികാര പരിധിയിൽ വരുന്ന വനഭൂമിയുടെ

അതിർത്തികൾ നിർബന്ധമായും അറിഞ്ഞിരിക്കേണ്ടതാണെന്നും, ആയത് ഫോറസ്റ്റ് കോഡിൽ വ്യക്തമായി പ്രാമർശിച്ചിട്ടുണ്ടെന്നും, സ്ഥിരമായി ജണ്ടകെട്ടി വനഭൂമി തിട്ടപ്പെടുത്തുമ്പോൾ വനഭൂമി നഷ്ടപ്പെട്ടിട്ടില്ലായെന്നുറപ്പുവരുത്തുന്നതിന് ഫോറസ്റ്റ് ഉദ്യോഗസ്ഥർ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണെന്നും, വനങ്ങളുടെ സർവ്വേ നമ്പർ, വി.എഫ്.സി. ഐറ്റം നമ്പർ എന്നിവ സൂചിപ്പിക്കുന്ന ലൊക്കേഷൻ സ്കെച്ച് അസിസ്റ്റന്റ് ഡയറക്ടർ ഫോറസ്റ്റ് മിനിസർവ്വേ, കോഴിക്കോടിൽ ലഭ്യമാണെന്നും ആയതിനാൽ ടിയാന്റെ വാദഗതി അംഗീകരിക്കാനാവില്ലെന്നും, മരം മുറി നടന്നത് ജണ്ട കെട്ടിയത് കൊണ്ടല്ല എന്ന **ശ്രീ.പി.**പവിത്രന്റെ വാദവും അംഗീകരിക്കത്തക്കതല്ലെന്നും, വനഭൂമിയും സ്വകാര്യ ഭൂമികളും തമ്മിൽ അതിർത്തി പങ്കിടുന്ന സ്ഥലത്ത് ജണ്ടകൾ നിർമ്മിക്കാതെ അനാവശ്യമായി വി.എഫ്.സി. ഐറ്റം നമ്പർ 24 & 32-നും വി.എഫ്.സി. ഐറ്റം നമ്പർ 133-നും ഇടയിൽ കൂടി ജണ്ടകൾ നിർമ്മിച്ചത് മൂലം ഐറ്റം നമ്പർ 133-ൽപ്പെട്ട വനഭൂമി വനാതിർത്തിക്കു വെളിയിലാവുകയും ആയതുമൂലമാണ് കൈയ്യേറ്റക്കാർക്ക് വ്യാജരേഖ ഉപയോഗിച്ച് ടി വനഭൂമി കൈയ്യേറാനും മരംമുറി നടത്താനും ഉള്ള സാഹചര്യം സംജാതമായതെന്നും, ഈ കേസിൽ കൂടുതൽ ഉത്തരവാദി റിട്ടയേർഡ് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.കെ.ജെ.ജോർജ് ആണെന്നും ടി പ്രദേശത്തെ സ്ഥിരതാമസക്കാരനായ ടിയാൻ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ തെറ്റിദ്ധരിപ്പിച്ചാണ് ജണ്ടകൾ നിർമിച്ചതെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും, കൂടാതെ സർവ്വേയറും സെക്ഷൻ ഫോറസ്റ്റ് ഓഫീസറും ചേർന്ന് സർവ്വേ നടത്തി നൽകിയ സ്കെച്ച് പ്രകാരമാണ് ജണ്ട നിർമ്മിച്ചിട്ടുള്ളതെന്നും, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ സ്ഥലവാസിയും, ദീർഘകാലം ഈ സ്ഥലത്ത് സേവനമനുഷ്ഠിച്ചിട്ടുള്ളയാളുമാണെന്നും, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറെ തെറ്റിദ്ധരിപ്പിച്ചാണ് ജണ്ട നിർമ്മിച്ചിട്ടുള്ളമുള്ളതെന്നും പരാമർശം (4) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) അഭിപ്രായപ്പെട്ടിട്ടുണ്ട്.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സെക്ഷൻ ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.കെ.ജെ.ജോർജ്ജ് കാരണം കാണിക്കൽ നോട്ടീസിന് മറുപടി നൽകുന്നതിനോ, നേരിൽ കേൾക്കുവാൻ ഹാജരാകുന്നതിനോ തയ്യാറാകാത്തതിലൂടെ പരോക്ഷമായി കുറ്റം സമ്മതിക്കുകയാണ് ചെയ്തിട്ടുള്ളത്. അതിനാൽ ഈ വിഷയത്തിൽ പ്രധാന കുറ്റക്കാർ സർവ്വേയറും സെക്ഷൻ ഫോറസ്റ്റ് ഓഫീസറുമാണ്. എന്നിരുന്നാലും റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.പവിത്രന്റെ ഭാഗത്തുനിന്നും ടി പ്രവർത്തിയുടെ മേൽനോട്ടം വഹിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. അതിനാൽ സർക്കാർ നഷ്ടത്തിന് ശ്രീ.പി.പവിത്രനും ഉത്തരവാദിയാണ്. ടിയാൻ ഇക്കാര്യത്തിൽ മനപൂർവ്വം വീഴ്ച വരുത്തിയതായി കാണുന്നില്ല. ശ്രീ.പവിത്രൻ മനപൂർവ്വം വീഴ്ച വരുത്തിയിട്ടില്ലാത്ത സാഹര്യത്തിൽ കാരണം കാണിക്കൽ നോട്ടീസിൽ സൂചിപ്പിച്ചിരുന്ന ശിക്ഷയിൽ ഇളവ് വരുത്തി, സർക്കാർ നഷ്ടത്തിൽ ടിയാന്റെ വിഹിതമായി നിശ്ചയിച്ചിട്ടുള്ള 9182/ രൂപ ടിയാന്റെ ക്ഷാമാശ്വാസത്തിൽ നിന്നോ, ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ, പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കുന്നതിനും, ശ്രീ.കെ.ജെ.ജോർജ്ജ് കാരണം കാണിക്കൽ നോട്ടീസിന് മറുപടി നൽകുകയോ, നേരിൽ കേൾക്കുവാൻ ഹാജരാകുകയോ ചെയ്തിട്ടില്ലാത്തതിനാൽ, കാരണം കാണിക്കൽ നോട്ടീസിൽ സൂചിപ്പിച്ചിട്ടുള്ള ശിക്ഷ ചുമത്തുന്നതിൽ ടിയാന് എതിർപ്പില്ല എന്ന് കണക്കാക്കി, സർക്കാർ നഷ്ടതുകയിൽ ടിയാന്റെ വിഹിതമായ 9182/ രൂപ ക്ഷാമാശ്വാസത്തിൽ നിന്നോ, ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ, പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കുന്നതിനും, കെ എസ് ആർ ഭാഗം 3 ചട്ടം 59(d) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300 രൂപ സ്ഥിരമായി കുറവ് ചെയ്യാൻ തീരുമാനിച്ചു. **ശ്രീ.പി.പവിത്രൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട) , ശ്രീ.കെ.ജെ.ജോർജ്ജ്, സെക്ഷൻ ഫോറസ്റ്റ്**

ഓഫീസർ (റിട്ട) എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു തങ്കച്ചി.എം.കെ
അഡിഷണൽ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ പി. പവിത്രൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട)

ശ്രീ.കെ.ജെ.ജോർജ്ജ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Shaji A M
Date: 17-11-2021 10:30:45
Reason: Approved

സെക്ഷൻ ഓഫീസർ